പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2432**　　**13.2.2013 ലെ മറുപടിക്ക്**

ഡീസലിന് നികുതി ഇളവ് നൽകുന്നത് സംബന്ധിച്ച്

| ചോദ്യം<br>ശ്രീമതി. ഗീതാ ഗോപി | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഡീസലിന്റെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ, സംസ്ഥാന സർക്കാർ നികുതി ഒഴിവാക്കി ജനങ്ങളെ സഹായിക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2011 ജൂൺ 25-ന് ലിറ്ററിന് 3 രൂപയും 2012 സെപ്റ്റംബർ 14-ന് 5 രൂപയുമാണ് കേന്ദ്ര സർക്കാർ ഡീസലിന്റെ ബേസിക് പ്രൈസിൽ വരുത്തിയ വർദ്ധനവ്. ഈ രണ്ട് പ്രാവശ്യവും വിലവർദ്ധനവിന്മേലുള്ള അധിക നികുതി സംസ്ഥാന സർക്കാർ വേണ്ടെന്നു വയ്ക്കുകയും ഇതിനുവേണ്ടി റവന്യൂന്യൂട്രൽ റേറ്റിലുള്ള നികുതിനിരക്ക് കണ്ടെത്തി, മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി, വിലവർദ്ധനവ് വരുമ്പോഴും കിട്ടത്തക്കവിധം നികുതിനിരക്ക് കുറച്ച് പുനഃ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. 2013 ജനുവരി 18-ന് ഡീസലിന്റെ ബേസിക് പ്രൈസിൽ 45 പൈസ കൂട്ടിയപ്പോൾ നികുതി നിരക്കിൽ പുനഃ ക്രമീകരണം നടത്തിയില്ല. |
| (ബി) | ഡീസൽ വിലവർദ്ധനയെ തുടർന്ന് കെ.എസ്.ആർ.ടി.സി.ക്ക് സംഭവിച്ച അധികച്ചെലവ് സർക്കാരിന് വഹിക്കാമോ ; **ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ?** | (ബി) | ഡീസൽ വിലവർദ്ധനവ് മൂലം കെ.എസ്.ആർ.ടി.സി.ക്ക് പ്രതിദിനം 47 ലക്ഷം രൂപയും, പ്രതിമാസം 14 കോടി രൂപയുടെയും അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് താൽക്കാലികമായി രണ്ട് മാസത്തേക്ക് സർക്കാർ 28 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ